# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5104 06.02.2014-ൽ മറുപടിയ്ക്ക്

## സ്ത്രീകൾക്കെതിരായി വർദ്ധിച്ചുവരുന്ന ആക്രമണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളുടെ നിരക്ക് വർദ്ധിച്ചുവരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആശങ്കാജനകമായ ഈ സ്ഥിതിവിശേഷത്തെ മുൻനിർത്തി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശമാക്കാമോ? | (എ) സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളെ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടാകുന്ന സംഭവങ്ങളിലെല്ലാം കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചും വിവിധ സന്നദ്ധ സംഘടനകളുടേയും ജനമൈത്രി പോലീസിന്റെയും നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുവാൻ ശ്രമിക്കുന്നുണ്ട്. |
| (ബി) കുടുംബത്തിനകത്തുള്ള അതിക്രമങ്ങൾ, ലൈംഗികാതിക്രമങ്ങൾ, ബലാൽസംഗം തുടങ്ങിയ സംഭവങ്ങളെക്കുറിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; ലഭ്യമായ കണക്കുകൾ വിശദമാക്കാമോ; | (ബി) കുടുംബത്തിനകത്തുള്ള അതിക്രമങ്ങൾ, ലൈംഗികാതിക്രമങ്ങൾ, ബലാൽസംഗം തുടങ്ങിയ സംഭവങ്ങളെക്കുറിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു. |

| കുടുംബത്തിനകത്തുള്ള അതിക്രമങ്ങൾ | | | ലൈംഗികാതിക്രമങ്ങൾ (ബലാൽസംഗ കേസുകൾ ഉൾപ്പെടെ) | | | ബലാൽസംഗം | | |
|---|---|---|---|---|---|---|---|---|
| 2011 | 2012 | 2013 | 2011 | 2012 | 2013 | 2011 | 2012 | 2013 |
| 5234 | 5299 | 5026 | 4889 | 4910 | 5624 | 1003 | 942 | 1127 |

| | |
|---|---|
| (സി) സ്ത്രീകളുടെ സുരക്ഷ സംബന്ധിച്ച് ഉയർന്നിട്ടുള്ള ആശങ്കൾക്ക് പരിഹാരം കണ്ടെത്താൻ സാദ്ധ്യമാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഡി) ട്രെയിനിലും മറ്റ് വാഹനങ്ങളിലും യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) ട്രെയിനുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പ് വരുത്താൻ ശക്തമായ പോലീസ് ബീറ്റ് ഏർപ്പെടുത്തിയും, എന്തെങ്കിലും പരാതി ലഭിച്ചാൽ അടിയന്തിരമായി ഇടപെട്ട് നിയമാനുസൃതമായി കേസുകൾ രജിസ്റ്റർ ചെയ്തും അന്തര നടപടികൾ ഊർജ്ജിതമാക്കിയും നടപടികളെടുത്തുവരുന്നു. റെയിൽവെ സ്റ്റേഷനുകളിലും അനുബന്ധ പരിസരങ്ങളിലും ട്രെയിനുകളിലും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി വനിതാ പോലീസുൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ ബീറ്റ് ഡ്യൂട്ടിക്കും പട്രോളിംഗ് ഡ്യൂട്ടിക്കും നിയോഗിച്ചും ട്രെയിനുകളിലെ വനിതാ കോച്ചുകളിൽ പ്രത്യേകം വനിതാ പോലീസുകാരെ നിയോഗിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു. സൂപ്രണ്ട് ഓഫ് പോലീസ് റെയിൽവേയുടെ ആഫീസിൽ ഒരു റെയിൽ അലർട്ട് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതും 24 മണിക്കൂറും പ്രവർത്തിക്കുന്ന റെയിൽ അലർട്ട് നമ്പരായ 9846200100, 9846200150 ഹെൽപ്പ്ലൈൻ നമ്പരായ 9995040000- ൽ ബന്ധപ്പെട്ട് പരാതികൾ നൽകാവുന്നതും തത്സമയം തന്നെ കുറ്റവാളികൾക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതുമാണ്. മറ്റു വാഹനങ്ങളിൽ യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ ഹൈവേ പട്രോൾ, മൊബൈൽ പട്രോൾ എന്നിവ ഊർജ്ജിതമായി പട്രോളിംഗ് നടത്തിവരുന്നു. |

17/01/16

സെക്ഷൻ ഓഫീസർ